# INDIAN SCHOOL AL WADI AL KABIR

| CLASS : X | DEPARTMENT: MALAYALAM | DATE: 20/05/2021 |
|---|---|---|
| Worksheet No: 1 | Lesson: Kadaltheerathu | Topic: OTQ |

1) 'കടൽത്തീരത്ത്' എന്ന കൃതി ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു?

..................................................................................

2) ഊട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതു പോലെ വെള്ളായിയപ്പന് അനുഭവപ്പെട്ടത് എപ്പോൾ?

..................................................................................

3) അപരിചിതരുടെ താത്പര്യരഹിതമായ സംഭാഷണം വെള്ളായിയപ്പന് അനുഭവപ്പെട്ടത് എങ്ങനെ?

..................................................................................

4) വിദ്വേഷവും നിന്ദയും പകയുമില്ലാത്ത കുരുക്കുകൾ എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് എന്ത്?

..................................................................................

5) "കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം" ഇങ്ങനെ പറഞ്ഞതാര്?

..................................................................................

6) 'രണ്ടു ചിത്രങ്ങൾ, അവയ്ക്കിടയിൽ രണ്ടു പേരുകൾക്കിടയിലെന്ന പോലെ, രണ്ടു വാക്കുകൾക്കിടയിലെന്ന പോലെ എന്തിന്റെയൊക്കെയോ നിറവ്'. ചിത്രങ്ങൾ ഏതെല്ലാം?

..................................................................................

7) കയ്യിൽ ഘടികാരമില്ലെങ്കിലും വെള്ളായിയപ്പൻ സമയം അറിഞ്ഞു. എങ്ങനെ?

..................................................................................

8) അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ വെള്ളായിയപ്പൻ കാത്തിരുന്നത് എവിടെയായിരുന്നു?

..................................................................................

9) പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ കാണപ്പെട്ട പാത വെള്ളായിയപ്പന് എന്തായിട്ടാണ് തോന്നിയത്?

……………………………………………………………………………..

10) വഴിയിൽ അഭിമുഖമായി വന്ന് സാന്ത്വനത്തിൻെറ നിറവ് പകർന്നതാര്?

……………………………………………………………………………

11) "വീടാത്ത കടങ്ങൾ പടച്ചവൻെറ സൂക്ഷിപ്പുകളാണ്, അത് അങ്ങനെ തന്നെയിരിക്കട്ടെ"- ഇതു പറഞ്ഞതാര്?

…………………………………………………………………………..

12) "ഇനിയൊരിക്കലും എനിക്കതു വീട്ടാൻ കഴിഞ്ഞെന്നു വരില്ല" ആരുടെ വാക്കുകളാണിത്?

……………………………………………………………………………

13) ചവിട്ടടിപ്പാതയ്ക്ക് ഇരുവശവും നിന്നിരുന്നതെന്ത്?

……………………………………………………………………………

14) 'ജയിലിനു മുന്നിൽ നീണ്ട നീണ്ട കാത്തിരിപ്പുകൾ' ആരാണ് കാത്തിരിക്കുന്നത് ? എന്തിനു വേണ്ടിയാണ് ?

…………………………………………………………………………..

15) വെള്ളായിയപ്പൻ യാത്ര പുറപ്പെട്ടതെങ്ങോട്ട്?

…………………………………………………………………………

16) വെള്ളായിയപ്പന് ആദ്യമായി അപരിചിതമായി തോന്നിയത് എന്ത്?

……………………………………………………………………………

17) "ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല"-ഇങ്ങനെ പറഞ്ഞതാര്? ആരോടാണ് പറഞ്ഞത്?

……………………………………………………………………………

18) മുണ്ടകപ്പാടത്തിൻെറ വരമ്പത്ത് അസ്തമയത്തിൻെറ പക്ഷികളെ നോക്കി അത്ഭുതപ്പെട്ടതാര്?

…………………………………………………………………………

19) ‘രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ അറിവുകൾ കൈമാറി’ ആരൊക്കെയാണ് ഈ സന്ദർഭത്തിലെ കഥാപാത്രങ്ങൾ? എന്തായിരുന്നു ആ രണ്ടു വാക്കുകൾ ?

…………………………………………………………………………………..

20) ‘രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്’ ആരൊക്കെയാണ് ഈ സന്ദർഭത്തിലെ കഥാപാത്രങ്ങൾ? എന്തായിരുന്നു ആ രണ്ടു വാക്കുകൾ ?

……………………………………………………………………………………..

21) ‘അത്രമാത്രം. രണ്ടു വാക്കുകൾ, പേരുകൾ, എന്നാൽ, ആ വാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണപരമ്പരകൾ അടങ്ങിയത് അവർ അറിഞ്ഞു’ ആരൊക്കെയാണ് ഈ സന്ദർഭത്തിലെ കഥാപാത്രങ്ങൾ? എന്തായിരുന്നു ആ രണ്ടു വാക്കുകൾ ?

………………………………………………………………………………………

22) “എന്റെ ഉള്ളു പൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു”. എവിടെ വെച്ചാണ് ഈ സംഭാഷണം നടക്കുന്നത്?

………………………………………………………………………………………

23) “ഇനി നിനക്കു തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ” - എന്താണ് കൈയിൽ ഉള്ളത്?

…………………………………………………………………

# ഉത്തരം

1. ചെറുകഥ
2. പനമ്പട്ടകളിൽ കാറ്റിരമ്പിയപ്പോൾ
3. കൊലക്കയറായി
4. മേധാവികളുടെ ഉത്തരവുകൾ
5. കുതിരവണ്ടിക്കാരൻ
6. വെള്ളായിയപ്പൻെറ അപ്പൻെറ, വെള്ളായിയപ്പൻെറ മകൻെറ
7. ഒരു കർഷകൻെറ ജന്മസിദ്ധിയിലൂടെ
8. ജയിലിൻെറ ഉമ്മറത്തെ ചാരുപടിയിൽ
9. ആരുടെയൊക്കെയോ ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി
10. നീലി മണ്ണാത്തി
11. കുട്ട്യസ്സൻമാപ്പിള
12. വെള്ളായിയപ്പൻെറ
13. കരിമ്പന
14. വെള്ളായിയപ്പൻ, മകനെ അവസാനമായി കാണുന്നതിന് വേണ്ടി
15. കണ്ണൂർക്ക്
16. പനമ്പട്ടകളിൽ കാറ്റിരമ്പുന്നത്
17. വെള്ളായിയപ്പൻ, മകനോട്
18. വെള്ളായിയപ്പൻെറ മകൻ
19. വെള്ളായിയപ്പനും മകനും, മകനേ - അപ്പാ
20. വെള്ളായിയപ്പനും നീലിയും, വെള്ളായിച്ചോ–നീലിയേ
21. വെള്ളായിയപ്പനും കുട്ട്യസ്സൻമാപ്പിളയും, വെള്ളായിയേ– മരയ്ക്കാരേ
22. ചവിട്ടടിപ്പാതയിൽ
23. പൊതിച്ചോറ്

***